റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2001-ലെ കടാശ്വാസ നിയമമനുസരിച്ച് 21-12-2001-നു ശേഷം എടുത്തിട്ടുള്ള കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയവും പലിശ ഇളവും നൽകി. പൊതുവായിട്ട് അൻപതിനായിരം രൂപ വരെ കേരളത്തിലെ ഏത് കൃഷിക്കാരനും എടുത്തിട്ടുള്ള പൊതുവായ കടങ്ങളെ സംബന്ധിച്ചാണ് മോറട്ടോറിയം. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം വയനാട് ജില്ലയിൽ സ്പെഷ്യൽ പാക്കേജ് എന്ന നിലയ്ക്കാണ് പാക്കേജ് അനൗൺസ് ചെയ്തത്. 3-8-2004-ലെ 225-ാം നമ്പർ ഉത്തരവാണ് അത്. വയനാട് ജില്ലയിലെ കൃഷിക്കാർ 2000-ന് ശേഷം എടുത്തിട്ടുള്ള കടങ്ങൾക്കാണ് ഈ പാക്കേജ്. മറ്റേത് ഒരു വർഷത്തേക്കാണ് ഇളവ് നൽകിയിട്ടുള്ളത്. വയനാട് ജില്ലയിൽ മൂന്നു വർഷത്തേക്കാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്. ആ പലിശ ഇളവ് ചെയ്യുന്നതുമൂലമുള്ള നഷ്ടം ഗവൺമെന്റ് റീ ഇമ്പേഴ്സ് ചെയ്യും. ഈ ആനുകൂല്യം 2006 മാർച്ച് 31 വരെ നൽകുന്നതാണെന്നാണ് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളത്. 50,000 രൂപയ്ക്ക് മുകളിലുള്ള കടങ്ങളാണെങ്കിൽപ്പോലും 50,000 രൂപ വരെയുള്ളതിന് ആനുകൂല്യം കൊടുക്കും. പലിശ അടച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽപ്പോലും അങ്ങനെയുള്ളവർക്കുകൂടി ആനുകൂല്യം ബാങ്ക് അക്കൗണ്ട് വഴി നൽകുമെന്ന് ഗവൺമെന്റ് വിശദമാക്കിയിട്ടുണ്ട്. ഇതിൽ പ്രതിസന്ധിയില്ല. ഇതിന്റെ സ്കീം മുഴുവൻ റെഡിയായിക്കഴിഞ്ഞിരിക്കുന്നു. സ്കീം റെഡിയായിക്കഴിഞ്ഞിരിക്കുന്നതിനാൽ അപേക്ഷകർ അതാതു ബാങ്കുകളിൽ പലിശ ഇളവിനുള്ള അപേക്ഷ നൽകണം. എത്ര ഇളവ് ഓരോരുത്തർക്കും ഉണ്ട് എന്നുള്ള കാര്യം ബാങ്കുകാർ ജോയിന്റ് രജിസ്ട്രാർ വഴി ഡിസ്ട്രിക്ട് കളക്ടറെ അറിയിക്കണം. ഷെഡ്യൂൾഡ് ബാങ്കുകാരാണെങ്കിൽ അവർ നേരിട്ട് ഡിസ്ട്രിക്ട് കളക്ടറെ അറിയിക്കണം. ഡിസ്ട്രിക്ട് കളക്ടർ കൺസോളിഡേറ്റ് ചെയ്ത ലിസ്റ്റ് സർക്കാരിലേക്ക് അയയ്ക്കും. സർക്കാരിൽ അയയ്ക്കുമ്പോൾ തുക റീ-ഇംബേഴസ് ചെയ്യാൻ വേണ്ടി കൊടുക്കുകയാണ്. അതാണ് നടപടിക്രമം. സ്കീമെല്ലാം റെഡിയായിട്ടുണ്ട്. അതുകൊണ്ട് ഇനി കാലതാമസം വരില്ല. ബെനിഫിഷ്യറീസിന് ആവശ്യമായ തുക എത്രയും വേഗം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) അപ്പർ കുട്ടനാട്ടിൽ പ്രകൃതിക്ഷോഭംമൂലവും ഉപ്പുവെള്ളം കയറിയും നെൽക്കൃഷി നശിച്ച കർഷകർക്കുള്ള ധനസഹായം

ശ്രീ. ടി. കെ. ദേവകുമാർ: സർ, കുട്ടനാട് മേഖലയിലെ അപ്പർ കുട്ടനാട്ടിൽ ഇന്ന് കൃഷിനാശം ഒരു നിരന്തര സംഭവമായി മാറിയിരിക്കുകയാണ്. ഈ സബ്മിഷൻ ചില കാര്യങ്ങളിൽ സഹായകരമായി എന്നതിൽ സന്തോഷമുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നത് കഴിഞ്ഞ ദിവസം ആരംഭിച്ചിരിക്കുന്നു എന്നുള്ള ചില കാര്യങ്ങൾ അറിഞ്ഞതിൽ സന്തോഷമുണ്ട്. 2003-ലെ പ്രകൃതിക്ഷോഭംമൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സർക്കാരിന് അനുവദിച്ചിട്ടും അതു വിതരണം ചെയ്ത് കൃഷിക്കാരന്റെ കയ്യിൽ എത്തിയിട്ടില്ല. ഇന്നെത്തുമെന്ന് കേൾക്കുന്നു. അതിൽ വലിയ സന്തോഷമുണ്ട്. ഉപ്പുവെള്ളം കയറി കൃഷി നശിച്ചതിൽ 25 മുതൽ 50 ശതമാനം വരെ കൃഷി നശിച്ചവർക്ക് രണ്ടാം ഘട്ടമായിട്ടാണ് ആനുകൂല്യം പ്രഖ്യാപിച്ചത്. അവർക്കും ഗവൺമെന്റ് തുക അനുവദിച്ചുവെങ്കിലും അവരുടെ കയ്യിൽ തുക

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ല. ഇന്നലെ കൃഷി ഓഫീസുകളിൽ ചെക്ക് എത്തിയിരിക്കുന്നു എന്നാണ് കളക്ടറേറ്റിൽ നിന്നും അറിയാൻ കഴിഞ്ഞത് ഉപ്പുവെള്ളം കയറിനിൽക്കുന്നു. അതു സംബന്ധിച്ച് നിരവധി പരാതികളും നിവേദനങ്ങളുമൊക്കെ നൽകിയിട്ട് ഇതുവരെ ഡാം തുറന്നുവിട്ടിട്ടില്ല. വെള്ളം തുറന്നുവിട്ടപ്പോൾ തോട്ടപ്പള്ളി ചിപ്പ് തുറന്നു വയ്ക്കാതിരുന്നത് കാരണം ലീഡിംഗ് ചാനലിലെ ഉപ്പുവെള്ളം തകഴിയുൾപ്പെടെയുള്ള കരിനില പ്രദേശത്തേക്ക് തള്ളിമാറിയത് കൂടുതൽ ഉപദ്രവമായി. അതുകൊണ്ട് അടിയന്തിരമായി ഇതിന് നടപടിയുണ്ടാകണം. മറ്റൊന്ന്, ഇൻഷ്വറൻസിന്റെ കാര്യമാണ്. ഇൻഷ്വറൻസിന്റെ പ്രീമിയം കഴിഞ്ഞ പ്രാവശ്യവും അടയ്ക്കാതിരുന്നതുകൊണ്ട് അവർക്ക് ഇൻഷ്വറൻസ് കവറേജ് കിട്ടുന്നില്ല. ഇൻഷ്വറൻസ് പ്രീമിയം അടച്ചുകൊണ്ട് കൃഷി നാശത്തിനിടയായിട്ടുള്ള ആളുകൾക്ക് കിട്ടേണ്ട ഇൻഷ്വറൻസ് കവറേജ് കിട്ടുന്നതിനും നടപടി വേണം. അതുപോലെ ഇൻഷ്വറൻസിന്റെ രീതി പുതിയ രീതിയാണ് കുട്ടനാടൻ മേഖലയിൽ വന്നിരിക്കുന്നത്. കൃഷി ചെയ്യുന്ന എല്ലാവരും ഭൂവുടമകളല്ല എന്നുള്ളതുകൊണ്ട് പാടശേഖര സമിതികളിലൂടെ പാടശേഖരാടിസ്ഥാനത്തിൽ ഇൻഷ്വറൻസിന്റെ സംവിധാനമുണ്ടാക്കുന്നതിനുള്ള പരിഗണന കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സ്വീകരിച്ച മേൽനടപടികൾക്ക് അഭിനന്ദനമുണ്ട്, സന്തോഷമുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ദേവകുമാർ പറഞ്ഞതുപോലെ സബ്മിഷൻ പലപ്പോഴും പല കാര്യങ്ങൾക്കും ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കുന്നതിനും ചില കാര്യങ്ങൾ സ്പീഡ് അപ് ചെയ്യുന്നതിനും ഉപകരിക്കും. റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് കൃഷി ഡിപ്പാർട്ട്മെന്റിനാവശ്യമായ തുക കൊടുത്തിരുന്നു. അതിലൊരു ഭാഗം മാർച്ച് 31-നു മുമ്പ് ചെലവഴിച്ചിരുന്നു. പക്ഷേ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ സർക്കുലർ അനുസരിച്ച് മാർച്ച് 31-നു മുമ്പ് തുക കയ്യിൽ ഇരിക്കുകയാണെങ്കിൽ, നിർദ്ദിഷ്ട പരിധിയിൽ കവിഞ്ഞിരിക്കുകയാണെങ്കിൽ അത് ട്രഷറിയിൽ അടയ്ക്കണമെന്നുണ്ട്. അതനുസരിച്ച് കൃഷി ഡിപ്പാർട്ട്മെന്റ് വീണ്ടും തുക ട്രഷറിയിൽ അടച്ചു. അതുകഴിഞ്ഞ് അതിന്റെ കണക്കുകൾ സംബന്ധിച്ച് റീകൺസിലിയേഷൻ വേണ്ടിവന്നു. അങ്ങനെയുള്ള ചില സാങ്കേതിക കാരണങ്ങളാലാണ് ബാക്കി തുക കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്നും കൊടുക്കാൻ താമസിച്ചുപോയത്. ഏതായാലും റീകൺസിലിയേഷൻ കഴിഞ്ഞു. ഇന്ന് ആ തുക റിലീസ് ചെയ്യുകയാണ്. രണ്ടാമത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെ സംബന്ധിച്ചും ഉടനടി നടപടി സ്വീകരിക്കുന്നതാണ്. തുക കിട്ടും. ഒരു കുഴപ്പവുമില്ല. കൃഷിക്കാരുടെ താൽപ്പര്യങ്ങൾ ഭദ്രമാണ്.

(5) എറണാകുളം ജില്ലയിലെ അയ്യംപുഴ പി. എച്ച്. സെന്ററിൽ സ്റ്റാഫിന്റെ നിയമനം

ശ്രീ. പി. ജെ. ജോയി: സർ, വളരെ പിന്നോക്കം നിൽക്കുന്ന, തൊഴിലാളികൾ മാത്രം അധിവസിക്കുന്ന, മലയോര പഞ്ചായത്ത് പ്രദേശമായ അയ്യംപുഴയിലുള്ള പി.എച്ച്. സെന്ററിൽ ഒരു വാർഡ്, ഡോക്ടർമാർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സ് എന്നിവ എം. എൽ. എ. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച് കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly